# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വരാപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
നം.കെ.എസ്.എ.ഇ.കെ.എം(പി3)1179/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 05/12/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരാപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി3)1179/25 തീയ്യതി: 05/12/2025

# എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2025 | 14-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-10-2025 | 14-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. റസിയബീവി ജെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. സജീവ് എൻ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷൈനി പി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ടിനു കെ ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കുമാരി കൊച്ചുറാണി ജോസഫ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി സന്ധ്യ സി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 16-07-2024 |
| ശ്രീ വിനോദ്കുമാർ ഇ ജി | സെക്രട്ടറി | 17-07-2024 | 04-08-2024 |
| ശ്രീമതി സന്ധ്യ സി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-08-2024 | 15-08-2024 |
| ശ്രീ വിനോദ്കുമാർ ഇ ജി | സെക്രട്ടറി | 16-08-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സന്ധ്യ സി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ.ഷേർലി ജോർജ്ജ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2024 | 08-08-2024 |
| ഡോ.റിയ ലളിറ്റ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 09-08-2024 | 31-03-2025 |
| ഡോ.ജിൻസി കെ എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ.ഇന്ദു രാമകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി ചാന്ദിനി എസ് എം | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ലാജി വർക്കി | എച്ച്.എം (ജി.യു.പി.എസ് വരാപ്പുഴ) | 01-04-2024 | 31-03-2025 |
| ശ്രീമതി സ്നേഹ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ശ്വേത ജിത്ത് പി എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ അരുൺ എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 05-01-2025 |
| ശ്രീമതി നിമിഷ പി ജി | അസിസ്റ്റന്റ് എഞ്ചിനിയർ (ഇൻ ചാർജ്ജ്) | 06-01-2025 | 31-03-2025 |
| ശ്രീമതി സുജ ദേവൻ വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി റമീന കെ എസ് | വി.ഇ.ഒ. (വരാപ്പുഴ സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി മിനി എം ആർ | വി.ഇ.ഒ (പുത്തൻപള്ളി സർക്കിൾ) | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-2 |
| 4 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുക ആസ്തി ഹെഡിൽ ചേർത്തില്ല. | 1-1-4 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് - വാർഷിക ധനകാര്യ പത്രിക പ്രകാരവും സുലേഖ ചെലവ് പത്രിക പ്രകാരവും വ്യത്യാസം | 1-1-5 |
| 7 | ബാങ്ക് പാസ്സ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-1-6 |
| 8 | സ്ഥിര നിക്ഷേപങ്ങളുടെ പലിശ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം- മുനിസിപ്പൽ കോർപറേഷൻ വിഹിതം ക്യാപിറ്റൽ ചെലവ് രേഖകൾ ലഭ്യമായില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് - 16,140/- രൂപ നഷ്ടം | 1-10 |
| 19 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല. | 1-11 |
| 20 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല. | 1-12 |
| 21 | തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ചു - 2916/- രൂപ നഷ്ടം | 1-13 |
| 22 | റെഗുലറൈസ് ചെയ്ത കെട്ടിട ഭാഗത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല. | 1-14 |
| 23 | പെർമ്മിറ്റ് അപേക്ഷ ഫീസ് ഈടാക്കിയതിൽ കുറവ് | 1-15 |
| 24 | പഞ്ചായത്ത് വാടകക്ക് നൽകുന്ന ഓഡിറ്റോറിയത്തിന് പാർക്കിംഗ് സൗകര്യം ഇല്ല. | 1-16 |
| 25 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ തുക അനുവദിച്ചു. | 1-17 |
| 26 | വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് കൃത്യമല്ല. | 1-18 |
| 27 | ഇൻഡിപെൻഡൻസ് റോഡിൽ കാന നിർമ്മാണം വാർഡ്-2-അപാകത | 1-19 |
| 28 | തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടില്ല | 1-20 |
| 29 | ഇ ടെണ്ടർ ഫീസിനത്തിലെ വരവ് തനത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല | 1-21 |
| 30 | ടെറസിലും മട്ടുപ്പാവിലും പച്ചക്കറി കൃഷി- പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 31 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് ധനസഹായം നൽകൽ- അപാകതകൾ | 1-23 |

| | | |
|---|---|---|
| 32 | THRS- വാങ്ങൽ ബില്ലുകളിൽ ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-24 |
| 33 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-25 |
| 34 | ഗവ.ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായിട്ടില്ല. | 1-26 |
| 35 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-27 |
| 36 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-28 |
| 37 | ജൽജീവൻ മിഷൻ-അവലോകനം | 1-29 |
| **ഭാഗം 2** | | |
| 1 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് - 16,140/- രൂപ നഷ്ടം | 2-1 |
| 2 | തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ചു - 2916/- രൂപ നഷ്ടം | 2-2 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **28.07.2025** ലെ **1(1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **28.07.2025** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **വരാപ്പുഴ ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **വരാപ്പുഴ ഗ്രാമ പഞ്ചായത്തിന്**റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : എറണാകുളം**

**തീയതി: 05.12.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

**1-1-1 വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.**

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹1,24,04,265.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹77,66,084.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യപ്പത്രിക, സഞ്ചയകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-4 നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുക ആസ്തി ഹെഡിൽ ചേർത്തില്ല.**

വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S0053/25) പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി.യിൽ ₹3,00,000/- നിക്ഷേപിച്ചെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ 460500202 - Advance To Implementing Agencies - Deposit With Kerala Electricity Board ഹെഡിൽ ഈ തുക ചേർത്തിട്ടില്ല.

**1-1-5 ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് - വാർഷിക ധനകാര്യ പത്രിക പ്രകാരവും സുലേഖ ചെലവ് പത്രിക പ്രകാരവും വ്യത്യാസം**

ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരം ₹43,59,443/- യും സുലേഖ ചെലവ് പത്രിക പ്രകാരം ₹43,22,519/- യുമാണ്. ₹36,924 /-യുടെ വ്യത്യാസമുണ്ട്.

**1-1-6 ബാങ്ക് പാസ്സ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.**

വാർഷിക ധനകാര്യ പത്രികയിൽ RP-40B ൽ STATE BANK OF INDIA – (8437) അക്കൗണ്ടിൽ ₹12,500/- സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ടിന്റെ ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമായില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനിക്കാനായില്ല. ബാങ്ക് ബുക്ക് പരിശോധിച്ചത് പ്രകാരം തൻ വർഷം 1240102559/30-09-2024 രസീത് മുഖേന ₹11,250/- ജീവനക്കാരുടെ തൊഴിൽനികുതി, 1240102560/30-09-2024 രസീത് മുഖേന ₹1,250/- സ്ഥാപനതൊഴിൽനികുതി എന്നിവ മാത്രമാണ് വരവായി പോസ്റ്റ് ചെയ്തിരിക്കുന്നത്. ഈ ട്രാൻസാക്ഷൻ മാത്രമാണ് ബാങ്ക് ബുക്ക് പ്രകാരം തൻവർഷം ഈ അക്കൗണ്ടിലുള്ളത്. ബാങ്ക് റീകൺസിൽ ചെയ്തിട്ടില്ല. ബാങ്ക് അക്കൗണ്ട് തെറ്റായി സെലക്ട് ചെയ്ത് വരവ് പോസ്റ്റ് ചെയ്തതാണെങ്കിൽ അപാകം പരിഹരിക്കേണ്ടതാണ്. ടി അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

**1-1-7 സ്ഥിര നിക്ഷേപങ്ങളുടെ പലിശ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല**

13.10.2022 തീയതിയിൽ പുതുക്കിയ ₹50,00,000/- (10,00,000x5) സ്ഥിര നിക്ഷേപങ്ങളുടെ പലിശ സ്ഥിര നിക്ഷേപത്തോടൊപ്പം കൂട്ടിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ പലിശത്തുകയായ ₹3,37,500/- ഉൾപ്പെടുത്തിയിട്ടില്ല.

**1-1-8 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം- മുനിസിപ്പൽ കോർപറേഷൻ വിഹിതം ക്യാപിറ്റൽ ചെലവ് രേഖകൾ ലഭ്യമായില്ല.**

വാർഷിക ധനകാര്യ പത്രിക പ്രകാരം മുനിസിപ്പൽ കോർപറേഷൻ വിഹിതം റെവന്യൂ ചെലവ് ₹5,11,980/- യും ക്യാപിറ്റൽ ചെലവ് ₹1,98,613/-യും ചേർത്ത് ആകെ ₹7,10,593/- യാണ്. 320700102 - Contributions For Joint Venture Projects (For Capital Expenditure) -From Municipal Corporations ഹെഡിന്റെ ലെഡ്ജറിൽ 31-03-2025 ൽ NAGARA SANCHAYA E AUTO പദ്ധതിക്ക് കൊച്ചിൻ കോർപറേഷനിൽ നിന്നും ₹1,98,613/- 1240000301/31-03-2025 രസീത് മുഖേന (Directly Credit To Bank – SBI A/C NO – 36890603166) വരവ് ലഭിച്ചതായും 42401640/31-03-2025 വൗച്ചർ മുഖേന NAGARA SANCHAYA E AUTO പദ്ധതിക്ക് ചെലവായതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ടി പദ്ധതിക്ക് വേണ്ടി ചെലവ് ഇല്ല. ₹1,98,613/- ചെലവിന്റെ യാതൊരു രേഖയും പരിശോധനക്ക് ലഭ്യമായില്ല. മേൽ ചെലവിന്റെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. തുക ചെലവായിട്ടില്ലെങ്കിൽ വാർഷിക ധനകാര്യ പത്രികയിൽ ചെലവ് രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 05.01.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 11.03.2025 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്സ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹16,98,192 | ₹2,23,61,322 |
| വരവ് | ₹65,91,36,000 | ₹30,01,48,519 |
| ആകെ | ₹66,08,34,192 | ₹32,25,09,841 |
| ചെലവ് | ₹65,76,55,800 | ₹29,90,05,474 |
| നീക്കിയിരുപ്പ് | ₹31,78,392 | ₹2,35,04,367 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹2,25,16,953.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹9,14,69,768.00 |
| ആകെ | : | ₹11,39,86,721.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹7,90,65,503.00 |
| നീക്കിയിരുപ്പ് | : | ₹3,49,21,218.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ട്രഷറി മുഖേന ലഭിയ്ക്കുന്ന ഗ്രാന്റ്, ഗുണഭോക്താക്കൾക്ക് സർക്കാർ നേരിട്ട് കൈമാറുന്ന സാമൂഹ്യ ക്ഷേമ പെൻഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ വരവ് ചെലവ് കണക്കുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21062000 | 21062000 | 20567797 | 0 | 494203 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 1283000 | 1283000 | 817264 | 0 | 465736 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 13058000 | 13058000 | 11959154 | 0 | 1098846 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 9515000 | 9515000 | 6697630 | 0 | 2817370 |
| സി.എഫ്.സി ഗ്രാന്റ്-ബേസിക്ക് (ബാങ്ക്) | 1130485 | 3754316 (പലിശ 206316 ഉൾപ്പടെ) | 4884801 | 2120478 (ബാങ്ക് ചാർജ്ജ് 54 ഉൾപ്പടെ) | 2764323 | 0 |
| സി.എഫ്.സി ഗ്രാന്റ്-ബേസിക്ക് (ട്രഷറി) | 0 | 358 | 358 | 0 | 0 | 358 |
| സി.എഫ്.സി -ടൈഡ് ഗ്രാന്റ് (ബാങ്ക്) | 2786948 | 7870000 | 10656948 | 2107605 | 8549343 | 0 |
| സി.എഫ്.സി -ടൈഡ് ഗ്രാന്റ് (ട്രഷറി) | 0 | 131360 | 131360 | 131360 | 0 | 0 |
| Awards And Honours – Central Government (320100105) | 288681 | 0 | 288681 | 0 | 288681 | 0 |
| Basic Services To The Urben Poor (320100108) | 535149 | 0 | 535149 | 0 | 535149 | 0 |
| National Programme For Persons With Disabilities (320100145) | 0 | 540000 | 540000 | 277401 | 262599 | 0 |
| Other Schemes (320100152) | 700 | 0 | 700 | 0 | 700 | 0 |
| Rural Housing – Housing For All(320100160) | 180000 | 0 | 180000 | 80000 | 100000 | 0 |
| നിർമ്മൽ പുരസ്കാർ (320100191) | 142970 | 0 | 142970 | 0 | 142970 | 0 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് (320100192) | 100000 | 100000 | 200000 | 0 | 200000 | 0 |
| ഐ.സി.ഡി.എസ് (320100196) | 2487421 | 1952876 | 4440297 | 565571 | 3874726 | 0 |
| Literacy Scheme Grant (320100197) | 5041 | 187 | 5228 | 353 | 4875 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ്(320100198) | 0 | 390195 | 390195 | 390195 | 0 | 0 |
| Grant For Specific Purposes- Health Grant Towards Support For Diagnostic Infrastructure To The PHCs (320100202) | 14164 | 394664 | 408828 | 1690 | 407138 | 0 |
| Grant For Specific Purposes- Health Grant Towards Buildingless | 2797392 | 77933 | 2875325 | 0 | 2875325 | 0 |

| | | | | | | |
|---|---|---|---|---|---|---|
| Subcentres PHCs And CHCs (320100203) | | | | | | |
| Grant For Specific Purposes- Health Grant Towards Conversion Of PHCs And Subcentres In To Health & Wellness Centres (320100204) | 14157 | 624382 | 638539 | 7060 | 631479 | 0 |
| **Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Solid Waste Management (320200304)** | 468198 | 0 | 468198 | 0 | 468198 | 0 |
| Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Drinking Water Schemes (320200305) | 379562 | 0 | 379562 | 0 | 379562 | 0 |
| Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For MLAs (320200307) | 32 | 0 | 32 | 0 | 32 | 0 |
| Grants, Funds & Contributions For Specific Purposes – Other Than Development Fund & State Sponsored Scheme Funds –Other Purposes (320200399) | 722705 | 0 | 722705 | 0 | 722705 | 0 |
| Grants, Funds & Contributions For Specific Purposes – Other Government Agencies – Total Sanitation (320300103) | 922931 | 0 | 922931 | 0 | 922931 | 0 |
| Grants, Funds & Contributions For Specific Purposes – Other Government Agencies (320300199) | 480500 | 0 | 480500 | 0 | 480500 | 0 |
| Grants, Funds & Contributions For Specific Purposes – | 15809973 | 0 | 15809973 | 12397218 | 3412755 | 0 |

| | | | | | | |
|---|---|---|---|---|---|---|
| Welfare Bodies Capital (320500101) | | | | | | |

*കുറിപ്പ്:*

. വികസന ഫണ്ട് ജനറൽ – വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹2749217/- ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് ജനറൽ – ചെലവ്, ₹20132354/- റവന്യൂ ചെലവും ₹435443/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. വികസന ഫണ്ട് എസ് സി പി – ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹37293/- ഉൾപ്പെടുന്നുണ്ട്.

. മെയിന്റനൻസ് ഫണ്ട് – റോഡ് – ചെലവ്, ₹11851401/- റവന്യൂ ചെലവും ₹107753/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. മെയിന്റനൻസ് ഫണ്ട് – നോൺ – റോഡ് – ചെലവ്, ₹4280057/- റവന്യൂ ചെലവും ₹2417573/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

.സി.എഫ്.സി. ബേസിക്ക് ഗ്രാന്റ് (ബാങ്ക്) ചെലവ്, ₹937554/- റവന്യൂ ചെലവും ₹1182870/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. സി.എഫ്.സി.ടൈഡ് ഗ്രാന്റ് (ബാങ്ക്) ചെലവ്, ₹990249/- റവന്യൂ ചെലവും ₹1117356/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് എണ്ണം | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 216 | ₹14,62,81,484* | ₹7,03,36,364 | 132 | 9 | 75 | 61.11% |

*പദ്ധതി അടങ്കൽ = ജി.ഒ പ്രോജക്ട് പ്രകാരം ഉത്ഭവത്തിൽ കുറവ് ചെയ്ത ₹27,86,510/- ഉൾപ്പടെ.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 6,95,257 | 6,95,257 | 6,95,257 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,58,04,960 | 1,58,04,960 | 1,58,04,960 | 0 |
| **ആകെ** | 0 | 1,65,00,217 | 1,65,00,217 | 1,65,00,217 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹34,96,000 | 214 |
| വിധവാപെൻഷൻ | ₹16,96,800 | 1,027 |
| വാർദ്ധക്യകാല പെൻഷൻ | ₹40,302,500 | 2,817 |
| ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | ₹46,37,900 | 289 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹7,80,200 | 49 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.10.2025 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,37,124/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സബ്സിഡി മാർഗരേഖ പ്രകാരവും സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചും പദ്ധതികൾ നടപ്പാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്രൊജക്ട് മുഖേനയുള്ള തനത് ഫണ്ട് ചെലവുകൾ പൂർണ്ണമായും സുലേഖ ചെലവ് രേഖകളിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതാണ്. കുടിവെള്ള വിതരണ പ്രോജക്റ്റ് നടപ്പാക്കുമ്പോൾ വിതരണത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിന് വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ട്. പ്രോജക്റ്റിന്റെ നിർവ്വഹണം മോണിറ്ററിംഗ് കമ്മിറ്റി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ തുടർച്ചയായുള്ള വിതരണ രജിസ്റ്റർ സൂക്ഷിക്കേണ്ടതും സുതാര്യത ഉറപ്പുവരുത്തേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് - 16,140/- രൂപ നഷ്ടം

തൻവർഷം രണ്ട് അർദ്ധവർഷങ്ങളിലും ജീവനക്കാരുടെ തൊഴിൽനികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. ഒന്നാം അർദ്ധവർഷം ₹6,240/- യും രണ്ടാം അർദ്ധവർഷം ₹9,900/- യും ചേർത്ത് ആകെ ₹16,140/- കുറവുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-11 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) എ(I), (Ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി അടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻ വർഷം തൊഴിൽ നികുതി ഈടാക്കിയില്ല. വിശദ വിരങ്ങൾ താഴെ ചേർക്കുന്നു.

1) മന്നംതുരുത്ത് സെന്റ് ജോസഫ് എൽ പി സ്കൂളിലെ ഒരാളിൽ നിന്ന് മാത്രമാണ് രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയത്. തൊഴിൽ നികുതി റിട്ടേണിൽ ഒരു സ്റ്റാഫ് ഒഴികെയുള്ള ജീവനക്കാർ ദിവസ വേതനക്കാരാണ് എന്ന് രേഖപ്പെടുത്തിയത്. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/13-10-2025) ലഭ്യമായ മറുപടിയിൽ വിഷയം സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. ടി സ്ഥാപനത്തിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുള്ള എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.
2) സി.എച്ച്.സി വരാപ്പുഴയിലെ യംഗസ്റ്റ് (സെക്കന്ററി പാലിയേറ്റീവ് ഡ്രൈവർ), കുഞ്ഞുമോൻ (പ്രൈമറി പാലിയേറ്റീവ് ഡ്രൈവർ), മേഴ്സി (പ്രൈമറി പാലിയേറ്റീവ് നഴ്സ്) എന്നിവരിൽ നിന്നും ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി

ഈടാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷം ടി തസ്തികയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

3) താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒരു അർദ്ധവർഷം മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയത്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | തൊഴിൽ നികുതി രജിസ്റ്ററിൽ പേജ് നമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം | ഒരു അർദ്ധവർഷം ഈടാക്കിയ തുക, രസീത് നമ്പർ |
|---|---|---|---|---|
| 1 | 28 | ബി.എസ്.എൻ.എൽ | II | 2500/- (I), 1240103338/ 02-11-24 |
| 2 | 73 | ഗോപിക റീജൻസി | I | 6900/- (II), 1240107584/ 12-03-25 |
| 3 | 88 | തളിയത്ത് ഡെന്റൽ ക്ലിനിക്ക് | I | 2250/- (II), 1240108501/29-03-25 |
| 4 | 90 | കോംടെക് സിസ്റ്റംസ് & സൊലൂഷൻസ് | II | 640/- (I), 1240102115/30-08-24 |

4) I.F.T.E & O.S ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനം | ലൈസൻസ് രജിസ്റ്ററിൽ ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | കാട്ടിപ്പറമ്പിൽ മോട്ടോഴ്സ് ടി.വി.എസ് ഷോറൂം | 140 | 4/69/B |
| 2 | ആര്യഭംഗി ഹോണ്ട വരാപ്പുഴ | 192 | 4/224/A |
| 3 | നാച്ചുറൽ മാർബിൾസ് വരാപ്പുഴ | 202 | 2/33/A, B |
| 4 | വാട്ടർ ലൂ ഗ്ലോബൽ ട്രാൻസ്പോർട്ട് & ലോസിസ്റ്റിക്ക് പ്രൈവറ്റ് ലിമിറ്റഡ് | 240 | 7/161 |
| 5 | വൊഡഫോൺ ഐഡിയ ലിമിറ്റഡ് വരാപ്പുഴ | 398 | 7/501/A |
| 6 | MOULI ആയുർവേദ വെൽനെസ് പഞ്ചകർമ്മ യോഗ | 49 | 1/65 |
| 7 | സായ് ഹീറോ മോട്ടോഴ്സ് വരാപ്പുഴ | 137 | 7/546/A |
| 8 | വില്ലോ മെഡിക്കൽ സെന്റർ | 221 | 3/625 |
| 9 | ചക്കിയത്ത് ഡെന്റൽ ക്ലിനിക്ക് & ഇംപ്ലാന്റ് സെന്റർ | 253 | 2/2/A |
| 10 | സെന്റ് ആന്റണീസ് ഡയഗ്നോസ്റ്റിക് സെന്റർ | 30 | 14/279 |

| | | | |
|---|---|---|---|
| 11 | ഇൻഫന്റ് ജീസസ്സ് ഡയഗ്നോസ്റ്റിക് സെന്റർ | 164 | 3/429 |
| 12 | ലൈഫ് ലൈന്ഡ ക്ലിനിക്കൽ ലാബ് | 515 | 9/260 |

മേൽ അപാകങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/13-10-2025) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-12 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

ലഭ്യമാക്കിയ രേഖകൾ പ്രാകാരം താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | തൊഴിൽ നികുതി രജിസ്റ്ററിൽ പേജ് നമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം | ഒരു അർദ്ധവർഷം ഈടാക്കിയ തുക, രസീത് നമ്പർ |
|---|---|---|---|---|
| 1 | 35 | സൗത്ത് ഇന്ത്യൻ ബാങ്ക് | I, II | - |
| 2 | 38 | കേരള ഗ്രാമീൺ ബാങ്ക് | II | 1250/- (I), 1240102093/29-08-24 |
| 3 | 77 | ബി എസ് ഫിനാൻസ് | I | 1250/- (II), 1240106507/ 17-02-2025 |
| 4 | 26 | BEVCO/KSBC വരാപ്പുഴ | I, II | - |

ക്രമ നമ്പർ 2, 3, എന്നിവയിൽ നിന്നും ഒരു അർദ്ധ വർഷം ഈടാക്കിയ സ്ഥാപനതൊഴിൽനികുതി 431120101 - Receivables For Profession Tax - Institutions (Current) ഹെഡിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ചേർത്ത പ്രകാരം തൻവർഷം കുടിശ്ശിക ഉണ്ടായിട്ടും ബാലൻസ്ഷീറ്റിൽ ഈ ഹെഡിൽ കുടിശ്ശിക ഇല്ലാത്തതായാണ് രേഖപ്പെടുത്തിയത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും ഇവയിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/13-10-2025) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. മേൽ സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലേയും സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13 തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ചു - 2916/-രൂപ നഷ്ടം

ഗ്രാമപഞ്ചായത്ത് തൻവർഷം പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ വരെയുള്ളവ എന്ന ഉപയോഗക്രമത്തിന് 7.35/ച.മീയും പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ എന്ന ഉപയോഗക്രമത്തിന് 12.6/ ച.മീയുമാണ് വസ്തുനികുതി നിരക്കായി നിർണ്ണയിക്കുന്നത്. ജെയ്ഷു മണവാളൻ ആന്റി ജോസ്, മണവാളൻ ഹൗസ്, വരാപ്പുഴ എന്നയാളുടെ 3/56/A നമ്പർ പാർപ്പിട കെട്ടിടത്തിന്റെതറ വിസ്തീർണ്ണം 300 ച.മീ ൽ കൂടുതലാണെങ്കിലും (374.41 ച.മീ) തെറ്റായ

ഉപയോഗക്രമം നൽകി 7.35/ച.മീ നിരക്കിലാണ് ഇവയുടെ വസ്തുനികുതി നിർണ്ണയിച്ചത്. ആയതിനാൽ വസ്തുനികുതിയിൽ ₹2916/- യുടെ കുറവുണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 2-2 ൽ ചേർത്തിട്ടുണ്ട്.

## 1-14 റെഗുലറൈസ് ചെയ്ത കെട്ടിട ഭാഗത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല.

സിജി രഞ്ജിത്ത്, ചൈതന്യ359 B, LAEL വില്ല മുട്ടിനകം എന്നയാളുടെ 297.81 ച.മീ തറവിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള 7/359/A കെട്ടിടം 251.91 ച.മീ അധികം നിർമ്മിച്ചത് A3-BA(107189)/2025 തീയതി 24-03-2025 നമ്പർ പെർമ്മിറ്റ് മുഖേന റഗുലറൈസ് ചെയ്തിട്ടുണ്ട്. ടി പെർമ്മിറ്റ് സർട്ടിഫിക്കറ്റ് പ്രകാരവും കംപ്ലീറ്റഡ് റഗുലറൈസ് പ്ലാൻ പ്രകാരവും കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 549.72 ച.മീ ആണ്. എന്നാൽ 297.81 ച.മീ തറവിസ്തീർണ്ണത്തിന് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചത്. അധികം നിർമ്മിച്ച 251.91 ച.മീ തറവിസ്തീർണ്ണത്തിന് നിലവിലും വസ്തുനികുതി നിർണ്ണയിച്ചില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/09-10-2025) കെ -സ്മാർട്ടിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും ആയതിനാലാണ് വസ്തുനികുതി പുനർനിർണ്ണയിക്കാതിരുന്നതെന്നും ആയത് അപേക്ഷകനെ അറിയിച്ചെന്നും ഉടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമായി. കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 പെർമ്മിറ്റ് അപേക്ഷ ഫീസ് ഈടാക്കിയതിൽ കുറവ്

സോജൻ തളിയത്ത്, പുത്തൻപള്ളി, വരാപ്പുഴ എന്ന വ്യക്തിക്ക് 419.88 ച.മീ തറ വിസ്തീർണ്ണമുള്ള റെസിഡെൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് 14-12-2024 ലെ A3-BA (399198)/2024 നമ്പർ പെർമ്മിറ്റ് മുഖേന അനുവാദം നൽകിയിട്ടുണ്ട്. 26-10-2024 ലെ 1240103143 നമ്പർ രസീത് മുഖേന ₹1500/- യാണ് ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷ ഫീസ് ഈടാക്കിയത്. തദ്ദേശ സ്വയംഭരണ (ആർഎ) വകുപ്പിന്റെ 30-07-2024 ലെ സ.ഉ.(കൈ)നം.97/2024/LSGD നമ്പർ ഉത്തരവ് പ്രകാരം 300 ച.മീയിൽ കൂടുതലുള്ള കെട്ടിട നിർമ്മാണത്തിന് ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷ ഫീസ് ₹2000/- യാണ്. ആയതിനാൽ മേൽ പെർമ്മിറ്റ് അപേക്ഷ ഫീസ് ഈടാക്കിയതിൽ ₹500/- യുടെ കുറവുണ്ടായിട്ടുണ്ട്. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/07-10-2025) കുറവ് വന്ന തുക അടവാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമായി. ഈ തുക കെട്ടിട ഉടമയിൽ നിന്ന് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-16 പഞ്ചായത്ത് വാടകക്ക് നൽകുന്ന ഓഡിറ്റോറിയത്തിന് പാർക്കിംഗ് സൗകര്യം ഇല്ല.

നോർത്ത് പറവൂർ താലൂക്ക് വരാപ്പുഴ വില്ലേജിൽ 324/5A റി.സർവ്വേ നമ്പർ ഭൂമിയിൽ (1697.22 ച.മീ) എം.എൽ.എ - എ.ഡി.എസ് പദ്ധതിയുടെ ഭാഗമായി 1952.2 ച.മീ വിസ്തീർണ്ണമ്മുള്ള ഓഡിറ്റോറിയം 2015 - 2021 കാലയളവിൽ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ പേരിൽ പി.ഡബ്ല്യൂ.ഡി വകുപ്പിന്റെ ചുമതലയിൽ നിർമ്മിച്ച് 2023 ഒന്നാം അർദ്ധ വർഷം 13/581/A എന്ന കെട്ടിട നമ്പർ നൽകി ഗ്രാമപഞ്ചായത്ത് വാടകക്ക് നൽകുന്നുണ്ട്. പി.ഡബ്ല്യൂ.ഡി അസിസ്റ്റന്റ് എഞ്ചിനിയറുടെ (പി.ഡബ്ലൂ.ഡി സ്പെഷ്യൽ ബിൽഡിംഗ്സ് സെക്ഷൻ നമ്പർ - 1, എറണാകുളം, ഇടപ്പിള്ളി) 30-12-2021 ലെ കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ 10-08-2015 മുതൽ 26-06-2021 വരെ കാലയളവിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിച്ചതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബിൽട്ട് അപ് ഏരിയ (ച.മീ) | ഫ്ലോർ ഏരിയ (ച.മീ) | കാർപെറ്റ് ഏരിയ (ച.മീ) |
|---|---|---|---|
| താഴത്തെ നില | 776.70 | 776.70 | 621.36 |
| ഒന്നാം നില | 786.54 | 786.54 | 629.23 |
| രണ്ടാം നില | 378.43 | 378.43 | 302.74 |
| | | | |

| | | | |
|---|---|---|---|
| സ്റ്റെയർ ക്യാബിൻ | 10.53 | | |
| ആകെ | 1952.20 | 1941.67 | 1553.33 |

നിർമ്മാണം ആരംഭിച്ചപ്പോൾ ഉള്ള പ്ലാൻ ലഭ്യമാക്കിയില്ല. കെട്ടിട നിർമ്മാണം ആരംഭിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമായില്ല. കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ 10 എണ്ണം കാർ പാർക്കിംഗ് മാത്രമാണ് കെട്ടിടത്തിന് നൽകിയിരിക്കുന്നത്. പാർക്കിംഗ് കാൽക്കുലേഷൻ ഫയലിൽ ഇല്ല. കെട്ടിട നിർമ്മാണം 2019 ന് മുമ്പ് ആരംഭിച്ചതിനാൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാണ്. ഈ ചട്ടത്തിലെ ചട്ടം 38 പ്രകാരം അസംബ്ലി കെട്ടിടത്തിന് ഓരോ 15 സീറ്റുകളോട് കൂടിയ സ്ഥല സൗകര്യത്തിനാണ് ഒരു പാർക്കിംഗ്. കമ്മ്യൂണിറ്റി ഹാളുകളുടെ സംഗതിയിൽ പാർക്കിംഗ് സ്ഥലത്തിന്റെ ആവശ്യത്തിന് കാർപെറ്റ് വിസ്തീർണ്ണം അല്ലെങ്കിൽ ഇരിപ്പിട സൗകര്യം നിർണ്ണയിക്കുന്നതിനായി ഓഡിറ്റോറിയത്തിന്റെ അല്ലെങ്കിൽ ഡൈനിംഗ് ഹാളിന്റെ കാർപെറ്റ് വിസ്തീർണ്ണം അതിൽ ഏതാണോ കൂടുതൽ അത് മാത്രം കണക്കിലെടുത്താൽ മതിയാകുന്നതാണ്. 1.50 ച.മീ കാർപെറ്റ് വിസ്തീർണ്ണം ഒരു ഇരിപ്പിട സജ്ജീകരണമായി പരിഗണിക്കുന്നതാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരം മൂന്ന് നിലകളുള്ള ഈ കെട്ടിടത്തിന്റെ താഴത്തെ നില ഡൈനിംഗ് ഹാളും ഒന്നാം നിലയും രണ്ടാം നിലയും ഓഡിറ്റോറിയവും ആണ്. ഓഡിറ്റോറിയം ഭാഗം ഡൈനിംഗ് ഹാൾ ഭാഗത്തേക്കാൾ കൂടുതലായതിനാൽ ടി ഭാഗം പാർക്കിംഗിന് പരിഗണിക്കാം

ഇപ്രകാരം പാർക്കിംഗിനുള്ള സീറ്റിനുള്ള കാർപെറ്റ് ഏരിയ = 629.36 + 302.74 = 932.1 ച.മീ

പാർക്കിംഗ് ന് പരിഗണിക്കുന്ന സീറ്റുകൾ = 932.1/ 1.5 = 621.4

കാർ പാർക്കിംഗ് = 621.4/ 15 = 42 എണ്ണം

പ്ലാനിൽ ഒന്നാം നിലയിലെയും രണ്ടാം നിലയിലേയും സീറ്റിംഗ് യഥാക്രമം 372 എണ്ണം, 168 എണ്ണം എന്നിങ്ങനെയാണ്.

ഇപ്രകാരം കാർ പാർക്കിംഗ് = 540/15 = 37എണ്ണം

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 29 പ്രകാരം പാർക്കിംഗ് മേൽ ചേർത്തതിലും കൂടുതലാണ് (1164.97/ 20 = 59 എണ്ണം)

അതായത് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ആവശ്യമുള്ള കാർ പാർക്കിംഗിനേക്കാൾ മൂന്നിരട്ടി കുറവ് പാർക്കിംഗ് സ്ഥല സൗകര്യം മാത്രമാണ് ഈ ഓഡിറ്റോറിയത്തിനുള്ളത്. പാർക്കിംഗ് കുറച്ച് നിർമ്മിച്ചത് പരിഹരിക്കുന്നതിന് സംബന്ധിച്ച് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് സൂചിപ്പിച്ചും, പാർക്കിംഗ് കുറവാക്കിയുള്ള ഓഡിറ്റോറിയം നിർമ്മാണം ഓബ്ജെക്ഷൻ ചെയ്യാതിരുന്നതിനും, കെട്ടിട നിർമ്മാണത്തിന്റെ ആരംഭ ഘട്ടത്തിൽ പാർക്കിംഗ് സൗകര്യം ചട്ട പ്രകാരം ചെയ്യാൻ നിർദ്ദേശിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (20/13-10-2025) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. പഞ്ചായത്തിലെ തിരക്കേറിയ ഭാഗത്ത് പഞ്ചായത്തിന്റെ പേരിൽ ഓഡിറ്റോറിയം നിർമ്മിക്കാനായെങ്കിലും നിലവിൽ ആവശ്യമായ പാർക്കിംഗ് സൗകര്യം ഇല്ലാത്ത സ്ഥിതിയാണുള്ളത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് പാർക്കിംഗ് സൗകര്യത്തോട് കൂടി ഈ ഓഡിറ്റോറിയം നിർമ്മിച്ചിരുന്നെങ്കിൽ ഗുണഭോക്താക്കൾക്ക് കൂടുതൽ സുരക്ഷയും, പഞ്ചായത്തിന് കൂടുതൽ വരുമാനവും ലഭിക്കുമായിരുന്നു. ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 *ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ തുക അനുവദിച്ചു.*

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 3.8.2018 ലെ സ.ഉ. (എം.എസ്) നം. 278/2018 ധന നമ്പർ ഉത്തരവ് പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചു പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. സ.ഉ(എം.എസ്)നം.97/2020/ധന. തിയതി 23-09-2020 ഉത്തരവ് പ്രകാരം അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC Code KSBK0000101) തിരിച്ചടയ്ക്കേണ്ടതാണ്. വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും ഇവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൌണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ ഡി/ ആധാർ നമ്പർ | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| 1 | ഡി എസ് മോഹനൻ, ധർമ്മത്തുംപറമ്പ്, തുണ്ടത്തുംകടവ്, വരാപ്പുഴ | 106300203388/ 535661951680 | 09-01-2025 | 02/25 മുതൽ 07/25 വരെ = 6 മാസം | 9,600/- |
| 2 | അഗസ്റ്റിൻ പൊടുത്താസ്, പാടത്തുപറമ്പിൽ, തുണ്ടത്തുംകടവ്, വരാപ്പുഴ | 106300201733/ 230567823617 | 04-11-2024 | 12/24 മുതൽ 04/25 വരെ = 5 മാസം | 8,000/- |
| 3 | ലളിത ശ്രീധരൻ, മൂഢത്തെരുവിൽ, തുണ്ടത്തുംകടവ്,വരാപ്പുഴ | 106300203643/ 394745800636 | 02-11-2024 | 12/24 മുതൽ 07/25 വരെ = 8 മാസം | 12,800/- |
| 4 | കൊച്ചുത്രേസ്യ, വലിയപറമ്പിൽ, ചിറക്കകം, വരാപ്പുഴ | 106300202970/ 257716311658 | 31-10-2024 | 11/24 മുതൽ 07/25 വരെ = 9 മാസം | 14,400/- |
| 5 | എൽസി പൈലി, കളത്തിപറമ്പിൽ, ചിറയ്ക്കകം, വരാപ്പുഴ | 106300600479/ 841770956190 | 06-11-2024 | 12/24 മുതൽ 07/25 വരെ = 8 മാസം | 12,800/- |
| 6 | അന്നക്കുട്ടി വർഗ്ഗീസ്, മണാലിൽ, എടംപാടം, വരാപ്പുഴ | 106300201483/ 945804162365 | 12-11-2024 | 12/24 മുതൽ 07/25 വരെ = 8 മാസം | 12,800/- |
| 7 | ഗോപാലൻ, ഭഗവതിപറമ്പ്, തുണ്ടത്തുംകടവ്, വരാപ്പുഴ | 106300202239/ 542687988662 | 28-02-2025 | 03/25 മുതൽ 07/25 വരെ = 5 മാസം | 8,000/- |
| 8 | പീറ്റർ ജോൺ, വലിയതറ, എടമ്പാടം, വരാപ്പുഴ | 106300202796/ 235611765689 | 28-11-2024 | 12/24 മുതൽ 07/25 വരെ = 8 മാസം | 12,800/- |
| 9 | പോൾ സി സി (പോൾ ചീക്കു), ചുള്ളിക്കാട്ട്, തേവർക്കാട്ട്, വരാപ്പുഴ | 106300202378/ 740021505490 | 27-08-2024 | 09/24 മുതൽ 07/25 വരെ = 11 മാസം | 17,600/- |
| 10 | ലക്ഷ്മണൻ,ഭഗവതിപറമ്പ്, ദേവസ്വംപാടം, വരാപ്പുഴ | 106300201257/ 568293834996 | 20-09-2024 | 10/24 മുതൽ 07/25 വരെ = 10 മാസം | 16,000/- |
| 11 | എൽസി ജോർജ്ജ്, താനാട്ട്പറമ്പിൽ, വരാപ്പുഴ | 106300202211/ 662307409789 | 03-10-2024 | 11/24 മുതൽ 07/25 വരെ = 9 മാസം | 14,400/- |
| 12 | വി ഒ സേവ്യർ, വേവുകാട്ട്, ചിറയ്ക്കകം, വരാപ്പുഴ | 106300201196, 827296194076 | 17-10-2024 | 11/24 മുതൽ 07/25 വരെ = 9 മാസം | 14,400/- |
| ആകെ | | | | | 1,53,600/- |

മേൽ പട്ടികയിൽ ക്രമനമ്പർ 5 വിധവാ പെൻഷൻ ഗുണഭോക്താവും അവശേഷിക്കുന്നവർ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കളുമാണ്. റാന്റം സെലക്ട് ചെയ്തത് മാത്രമാണ് മേൽപട്ടികയിൽ ചേർത്തിരിക്കുന്നത്.

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 3.8.2018 ലെ സ.ഉ. (എം.എസ്) നം. 278/2018 ധന നമ്പർ ഉത്തരവ് പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചു പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ മരണപ്പെട്ടത് റിപ്പോർട്ട് ചെയ്ത് ഡെത്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചതിന് ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/09-10-2025) ഗുണഭോക്കൾ മരണപ്പെട്ടതിന് ശേഷം നൽകിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമായി. അനർഹമായി നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട സർക്കാർ അക്കൌണ്ടിലേക്ക് തിരികെ അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. റാന്റം സെലക്ഷനിലൂടെ കണ്ടെത്തിയവ മാത്രമാണ് മേൽ ചേർത്തത്. സമാനമായി അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്. മരണപ്പെട്ട ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൌണ്ടുകൾ യഥാസമയം സസ്പെൻഡ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-18 വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് കൃത്യമല്ല.</u>

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 219/25, വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ |
| അടങ്കൽ | ₹262720/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് – ₹131360/-,<br>വികസന ഫണ്ട് ജനറൽ- ₹123520/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് വിവരം | ₹254880/-<br>(വികസന ഫണ്ട് ജനറൽ- ബിൽ നമ്പർ/ തീയതി- 233/28.01.2025- ₹61760/-,<br>411/25.03.2025- ₹56640/-,<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് –<br>232/27.01.2025- ₹65680/-,<br>406/25.03.25- ₹56640/- ,<br>412/25.03.2025- ₹9040/- |
| കരാറുകാരൻ | കെ.എസ്. ഇൻഡസ്ട്രീസ്, തുണ്ടത്തുംകടവ് |

വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ ഏറ്റവും കുറവ് കോട്ട് ചെയ്ത കെ.എസ്. ഇൻഡസ്ട്രീസ്, തുണ്ടത്തുംകടവ് എന്ന സ്ഥാപനം ₹14160/- നിരക്കിൽ 18 എണ്ണം വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകതകൾ കാണുന്നു.

1) വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ എവിടെയൊക്കയാണ് ബോട്ടിൽ ബൂത്ത് സ്ഥാപിച്ചത് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നില്ല.

2) ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരം ഒരെണ്ണം നിർമ്മിക്കുന്നതിന് ചെലവ് പ്രതീക്ഷിക്കുന്നത് 23997/- രൂപയാണ്. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 9.48.1 Providing And Fixing Ms Grilss Of Required Pattern In Frames With MS Flats Square Or Round Bars Etc എന്ന ഇനം ആണ്

ഉപയോഗിച്ചിരിക്കുന്നത്. Data പ്രകാരമുള്ള Angle 25x25x3 Mm, MS Sheet. 5mm (2.360Lx.750w) എന്നിവ ബോട്ടിൽ ബൂത്ത് നിർമ്മാണത്തിൽ ഉപയോഗിച്ചതായി കാണുന്നില്ല. മെഷ് ഉപയോഗിച്ചാണ് മേൽ പ്രവൃത്തി പൂർത്തിയാക്കിയെതെന്ന് വ്യക്തമാണ്.

3) ഇതുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ/തീയതി- 07/08.10.2025) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചുവെന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള തരത്തിലാണ് പ്രവൃത്തി ചെയ്തതെന്നുമാണ്. എന്നാൽ ഫയലിൽ നിന്നും ലഭ്യമായ ഫോട്ടോ പരിശോധിച്ചതിൽ എം. എസ് ഷീറ്റ് എസ്റ്റിമേറ്റിൽ വ്യക്തമാക്കിയ അത്രയും അളവ് ഉപയോഗിച്ചിട്ടില്ലായെന്നും വ്യക്തമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് കൃത്യമായ അളവിൽ തയ്യാറാക്കുന്നതിനും വിഭാവനം ചെയ്ത രീതിയിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഇൻഡിപെൻഡൻസ് റോഡിൽ കാന നിർമ്മാണം വാർഡ്-2-അപാകത

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 160/25, ഇൻഡിപെൻഡൻസ് റോഡിൽ കാന നിർമ്മാണം വാർഡ്-2 |
| അടങ്കൽ | ₹556000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവ് വിവരം | ₹533588/- (ബിൽ നമ്പർ/തീയതി- 116/02.11.2024 ) |
| കരാറുകാരൻ | നിഷാദ് എം. സി |
| എം.ബുക്ക് | LSGD/CELSGD/EST/28073/2023-511/RE-1 |

അസിസ്റ്റന്റ് എഞ്ചിനിയർ 2024-25 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ ഇൻഡിപെൻഡൻസ് റോഡിൽ കാന നിർമ്മാണം വാർഡ്-2 എന്ന പ്രവൃത്തിയിൽ പുതിയതായി 110 മീറ്റർ കാനയും 4 മീറ്റർ ക്രോസ് ഡ്രൈനും നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എർത്ത് വർക്ക് എക്സ്കവേഷൻ പ്രവൃത്തി മാനുവൽ ആയി ചെയ്യുന്നതിന് ഡാറ്റ ഇനം 3.5.1 " Excavation In Cutting Soil By Manual Means ---- പ്രകാരമുള്ള നിരക്ക് 358.50/M3 ആണ്. കരാറുകാരൻ ക്വാട്ട് ചെയ്തത് 345/M3 ആണ്. 46.358/M3 പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ JCB ഉപയോഗിച്ചോ മറ്റ് മെക്കാനിക്കൽ പ്രകാരമോ ചെയ്യുന്നതിന് ഡാറ്റ ഇനം 2.6.1 " Excavation In Cutting Soil By Mechanical Means ---- പ്രകാരമുള്ള നിരക്ക് 214.03 /M3 ആണ്. 4 മീറ്റർ ക്രോസ് ഡ്രൈൻ നിർമ്മിക്കുന്നതിനാൽ റോഡ് താരതമ്യേന വീതി കൂടിയതാണ്. ആയതിനാൽ JCB ഉപയോഗിച്ചോ മറ്റ് മെക്കാനിക്കൽ പ്രകാരമോ ചെയ്യുന്നതിന് ഡാറ്റ ഇനം 2.6.1 " Excavation In Cutting Soil By Mechanical Means ---- അനുവദിക്കേണ്ടിയിരുന്നത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | പ്രവൃത്തിയുടെ അളവ് | ചെലവ് വിവരം |
|---|---|---|
| 3.5.1 " Excavation In Cutting Soil By Manual Means | 46.358/M3 | 46.358x345 =15993 |
| 2.6.1 " Excavation In Cutting Soil By Mechanical Means | 46.358/M3 | 46.358x214.03 =9922 |
| അധികം നൽകിയ തുക | | 6071 |

JCB ഉപയോഗിച്ചോ മറ്റ് മെക്കാനിക്കൽ നിരക്ക് അനുവദിക്കുകയായിരുന്നുവെങ്കിൽ 6071 അധികം നൽകേണ്ടിയിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി- 28/13.10.2025) ഡി.എസ്.ആർ പ്രകാരമുള്ള നിരക്കാണ് അനുവദിച്ചതെന്ന് വ്യക്തമാക്കിയിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് ഇത്തരം കാര്യങ്ങൾ കൂടി പരിഗണിച്ച് തയ്യാറാക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-20 തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ/ പേര് | 136/25, തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ | ₹300000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് വിവരം | ₹200000/- (ബിൽ നമ്പർ/ തീയതി-434/27.03.2025 ) |
| കരാറുകാരൻ | സോഷ്യോ ഇക്കണോമിക്സ് യൂണിറ്റ് ഫൗണ്ടേഷൻ |

2024-25 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് ടെൻഡർ നടപടിയിലൂടെ സോഷ്യോ ഇക്കണോമിക്സ് യൂണിറ്റ് ഫൗണ്ടേഷനെ തെരഞ്ഞെടുക്കുകയും 20.01.2024 ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകതകൾ കാണുന്നു.

1) ₹300000/- അടങ്കൽ വെയ്ക്കുകയും ₹298000/- യുടെ എസ്റ്റിമേറ്റ് തയ്യാക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് ആവശ്യമായ ഏറോട്ടിക്ക് ബിൻ, കോൺക്രീറ്റിംഗ് പി.വി.സി. പൈപ്പിടൽ എന്നിവയാണ് ചെയ്യേണ്ട പ്രവൃത്തികൾ. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി-6/08.10.2025) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്ലാന്റ് പ്രവർത്തന സജ്ജമാക്കിയതായും മാലിന്യ സംസ്കരണം നടത്തുന്നതായും കാണുന്നില്ല.

2) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രോജക്ടിലൂടെ മാലിന്യ സംസ്കരണം കൃത്യമായി നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ഇ ടെണ്ടർ ഫീസിനത്തിലെ വരവ് തനത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല

ഇ ടെണ്ടർ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഇ ടെണ്ടറിന് വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വരാപ്പുഴ ശാഖയിൽ അക്കൗണ്ട് നം. 37791886219 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ കറണ്ട് അക്കൗണ്ട് പരിപാലിക്കുന്നുണ്ട്. ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 04-07-2018 ൽ ആണ് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത്. 2024-25 വർഷം നീക്കിയിരിപ്പ് ആയി ₹379122.95/- ഉണ്ട്. കറണ്ട് അക്കൗണ്ട് ആയതിനാൽ പലിശ ലഭിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ഈ തുക മാറ്റിയിട്ടിരുന്നെങ്കിൽ എസ്.ബി അക്കൗണ്ട് പലിശ ലഭിക്കുമായിരുന്നു. തുക കൈമാറാതിരുന്നതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന പലിശ വരുമാനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. തനത് ഫണ്ടിലേക്ക് കൈമാറാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ/തീയതി-13/09.10.2025) ലഭ്യമാക്കിയ മറുപടിയിൽ തുക പഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്യുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ തുക ട്രാൻസ്ഫർ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 ടെറസിലും മട്ടുപ്പാവിലും പച്ചക്കറി കൃഷി- പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO263/25, ടെറസിലും മട്ടുപ്പാവിലും പച്ചക്കറി കൃഷി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പദ്ധതി അടങ്കൽ | ₹2,64,000/- (വികസനഫണ്ട് - ജനറൽ- ₹1,98,000/-, ഗുണഭോക്തൃ വിഹിതം - ₹66,000/-) |
| ആകെ ചെലവഴിച്ച തുക | ₹2,64,000/- (വികസനഫണ്ട്- ജനറൽ- ₹1,98,000/-, ഗുണഭോക്തൃ വിഹിതം - ₹66,000/-) |

| | |
|---|---|
| യു ടി ആർ നം / തിയതി | RBI0742501370321 / 13.03.25 – ₹198000/- |

പച്ചക്കറി കൃഷി വികസനത്തിനായി എച്ച്.ഡി.പി.ഇ പോട്ടും, പോട്ടിംഗ് മിശ്രിതവും തൈകളും ഉൾപ്പെടെ പാമ്പാക്കുട ബ്ലോക്ക് മോഡൽ അഗ്രോ സർവീസ് സെന്ററിൽ നിന്ന് വാങ്ങി കർഷകർക്ക് വിതരണം ചെയ്യുകയാണ് മേൽ പ്രോജക്റ്റിൽ നടപ്പാക്കിയിട്ടുള്ളത്. 75 % സബ്സീഡി നിരക്കിലാണ് പോട്ടും, പോട്ടിംഗ് മിശ്രിതവും തൈകളും, വിതരണം ചെയ്തിട്ടുള്ളത്. ഒരു യൂണിറ്റിന് ₹200/- നിരക്കിൽ 1320 പോട്ടുകൾ വാങ്ങി ₹500/- ഗുണഭോക്തൃ വിഹിതം ഈടാക്കി 132 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. ജി.ഒ(ആർ.ടി.) നം 2854/2022/തസ്വഭവ തീയതി 18.11.2022 പ്രകാരം പച്ചക്കറി കൃഷിക്ക് ഗ്രോ ബാഗിന് പകരം HDPE പോട്ട് (High Density Poly Ethylene) ഉപയോഗിക്കേണ്ടതാണെന്ന നിർദ്ദേശമനുസരിച്ചാണ് ഇവ വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടപടികളിലൂടെ വാങ്ങണമെന്നും, HDPE പോട്ട് ന് 5 വർഷം വാറന്റി ഉണ്ടായിരിക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്.

ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, ടെണ്ടർ നടപടികളില്ലാതെ, നേരിട്ടാണ് പാമ്പാക്കുട ബ്ലോക്ക് മോഡൽ അഗ്രോ സർവീസ് സെന്ററിൽ നിന്നുമാണ് ഇവ വാങ്ങിയിട്ടുള്ളത്. കൂടാതെ വാങ്ങിയ സ്ഥാപനവുമായി കരാറിലേർപ്പെട്ടതായി കണ്ടില്ല. 5 വർഷ വാറന്റി ഉറപ്പുവരുത്തേണ്ട വാങ്ങൽ ആയിരുന്നിട്ടുകൂടി കരാറിലേർപ്പെടാതിരുന്നത് ശരിയായ നടപടിയല്ല.

തദ്ദേശസ്ഥാപനങ്ങളിലെ വാർഷികപദ്ധതികളുടെ സബ്സിഡി-ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ 28.05.2022 ൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.115/22/തസ്വഭവ പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിന് ജില്ലാതലത്തിൽ കളക്ടർ അധ്യക്ഷനായ സമിതി രൂപീകരിച്ചിരുന്നു. ഈ സമിതിയുടെ 30.10.2024 ലെ 103578/22/DPC/DPO/EKM നം.ഉത്തരവ് പ്രകാരം 10 ഇഞ്ച് വലിപ്പമുള്ള പോട്ടിംഗ് മിശ്രിതവും തൈകളും നിറച്ച 10-12 ഇഞ്ച് വ്യാസവും, 5mm കനവും, 450gm ഭാരവും അൾട്രാ വയലറ്റ് സംരക്ഷണവും 5 വർഷത്തെ ഗ്യരണ്ടിയോട് കൂടിയുള്ള ഒരു എച്ച്.ഡി.പി.ഇ പോട്ടിന്റെ വില 190-210 രൂപയാണ്. എന്നാൽ പാമ്പാക്കുട ബ്ലോക്ക് മോഡൽ അഗ്രോ സർവീസ് സെന്റർ ഹാജരാക്കിയ ബില്ലിൽ എച്ച്.ഡി.പി.ഇ പോട്ട് 12'' എന്ന് മാത്രമാണ് രേഖപ്പെടുത്തിയത്. ഇൻവോയ്സിൽ സപ്ലെ ചെയ്ത പോട്ടുകളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ജില്ലാ ആസൂത്രണ സമിതി യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള എച്ച്.ഡി.പി.ഇ പോട്ടുകൾ ആണ് നിർവ്വഹണോദ്യോഗസ്ഥൻ വാങ്ങി വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇൻവോയ്സിൽ സപ്ലെ ചെയ്ത എച്ച്.ഡി.പി.ഇ പോട്ടുകളുടെ സ്പെസിഫിക്കേഷൻ എന്താണെന്ന് വ്യക്തമല്ല. എച്ച്.ഡി.പി.ഇ പോട്ടുകളുടെ സ്പെസിഫിക്കേഷൻ ഉറപ്പാക്കാതെ വാങ്ങി വിതരണം ചെയ്തു .മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/08.10.2025) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിച്ചു കൊണ്ടാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-23 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് ധനസഹായം നൽകൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നം. | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് ധനസഹായം നൽകൽ, S00144/25 |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| അടങ്കൽ തുക | ₹1400000/- (വികസന ഫണ്ട് ജനറൽ) |
| ആകെ ചെലവ് തുക | ₹1400000/- |
| ചെലവ് ബിൽ നം/തീയതി/തുക | 401/25 തിയതി 25.03.2025/₹1400000/- |

പ്രോജക്ട് പ്രകാരം വിവിധ വാർഡുകളിൽ നിന്നുള്ള 7 കുടുംബശ്രീ ഗ്രൂപ്പുകൾക്ക്

സ്വയംതൊഴിലിനായി ₹1400000/- (200000*7= ₹1400000/-) നൽകിയിട്ടുണ്ട്. പ്രോജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംരംഭത്തിന്റെ പേര് | സബ്സിഡി അനുവദിച്ച തുക(₹) |
|---|---|---|
| 1 | നിർമ്മാല്യം ആക്ടിവിറ്റി ഗ്രൂപ്പ് (ചെറു ധാന്യ പാക്കിംഗ്&വിപണന യൂണിറ്റ്) വാർഡ് -12 | 2,00,000/- |
| 2 | നീരജ ആക്ടിവിറ്റി ഗ്രൂപ്പ് (കാറ്ററിംഗ്യൂണിറ്റ്) വാർഡ് -16) | 2,00,000/- |
| 3 | ലക്ഷ്മി സ്റ്റോർ, വാർഡ് -1 | 2,00,000/- |
| 4 | മാണിക്യം ഫുഡ് പ്രോഡക്റ്റ്സ് (അച്ചാർ,പൊടികൾ,പലഹാരങ്ങൾ Etc), വാർഡ് -2 | 2,00,000/- |
| 5 | ജ്യോതി ആക്ടിവിറ്റി ഗ്രൂപ്പ് (പൊടികൾ, പലചരക്ക്), വാർഡ് -1 | 2,00,000/- |
| 6 | സാരഥി ഫുഡ് പ്രോഡക്റ്റ്സ്(അച്ചാർ, ഉണ്ണിയപ്പം Etc), വാർഡ് -14 | 2,00,000/- |
| 7 | കരുണ ക്ലോത്ത് ബാഗ് പ്രൊഡക്ഷൻ യൂണിറ്റ് (തുണി സഞ്ചി നിർമ്മാണം), വാർഡ് -1 | 2,00,000/- |

പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സ്ഥാപനങ്ങളുടെ പ്രവർത്തനം, ഫണ്ടിന്റെ വിനിയോഗം എന്നിവ വിലയിരുത്തി തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 12/ 08.10.25) ക്ക് ലഭ്യമാക്കിയ മറുപടിയിൽ 7ഗ്രൂപ്പുകളിൽ 6 ഗ്രൂപ്പുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട് എന്നാൽ നിർമ്മാല്യം ആക്ടിവിറ്റി ഗ്രൂപ്പ് സംരഭം തുടങ്ങുന്നില്ല എന്നറിയിച്ചതിനെ തുടർന്ന് വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും അനുവദിച്ച ₹200000/- നിർമ്മാല്യം ആക്ടിവിറ്റി ഗ്രൂപ്പ് സഹകരണ ബാങ്ക് മുഖേന ചെക്ക് നം 000067 /08.10.25 പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കി എന്നും അറിയിച്ചു. നിർമ്മാല്യം ആക്ടിവിറ്റി ഗ്രൂപ്പ് ₹200000/- കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് പഞ്ചായത്തിൽ കത്ത് നൽകിയിട്ടുണ്ടെന്നും തുക ട്രഷറിയിൽ അടച്ച് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ചെലവഴിക്കാതെ തിരികെ അടവാക്കുന്ന തുകകൾ കൃത്യമായ ഹെഡിൽ വരവ് വെക്കേണ്ടതും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ട തുകകൾ യഥാസമയം അടവാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

അടവാക്കിയ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പദ്ധതിപ്പണം ചെലവഴിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

## 1-24 THRS- വാങ്ങൽ ബില്ലുകളിൽ ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം. ഡിഎ 1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം പ്രൊജക്റ്റുകൾക്കുള്ള

വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗന വാടി പോഷകാഹാര വിതരണം പ്രോജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ ചൈതന്യലക്ഷ്മി കുടുംബശ്രീ യൂണിറ്റ് അമൃതം ഫുഡ് സപ്ലിമെന്റ് കരുമാലൂർ (GSTIN-32AADAA7488C1ZY) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 135/25 അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി |
| അടങ്കൽ | വികസന ഫണ്ട് -₹1800000/- |
| | കേന്ദ്ര വിഹിതം -₹1500000/- |
| | ബ്ലോക്ക് വിഹിതം -₹500000/- |
| | ആകെ -₹3800000/- |
| ചെലവ് | വികസന ഫണ്ട് -₹1800000/- |
| | കേന്ദ്ര വിഹിതം -₹565571/- |
| | ബ്ലോക്ക് വിഹിതം -₹63249/- |
| | ആകെ - ₹2428820/- |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

| ക്രമ നം. | ബിൽ നമ്പർ & തീയതി | തുക | ഇൻവോയിസ് നമ്പർ/ തീയതി | തുക |
|---|---|---|---|---|
| 1 | 41/18.07.24 | ₹4,67,224 | 312/20.04.24 | ₹70626 |
| | | | 313/13.05.24 | ₹79268 |
| | | | 313/12.06.24 | ₹65485 |
| 2 | 319/14.11.24 | ₹1,52,612 | 389/18.09.24 | ₹87350 |
| | | | 390/03.10.24 | ₹65262 |
| 3 | 107/17.10.24 | ₹4,14,812 | 360/16.08.24 | ₹68390 |
| | | | 359/11.07.24 | ₹77443 |
| 4 | 161/13.12.24 | ₹4,29,731 | 396/11.11.24 | ₹76399 |
| 5 | 391/07.01.25 | ₹63,249 | 387/07.12.24 | ₹63249 |
| 6 | 312/07.03.25 | ₹2,78,946 | 388/09.01.25 | ₹78745 |
| 7 | 326/12.03.25 | ₹1,50,588 | 314/06.02.25 | ₹67944 |
| | | | 324/07.03.25 | ₹77964 |
| | | | ആകെ | ₹8,78,125 |

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 21/10.10.25) മറുപടി ലഭ്യമാക്കിയില്ല. ബില്ലുകളുടെ തുക അനുവദിക്കുന്നതിനുമുൻപ് നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

ലൈഫ് ഭവന പദ്ധതിയുടെ (ജനറൽ) , (എസ്.സി) രജിസ്റ്റർ പരിശോധിച്ചതിൽ വി.ഇ.ഒ നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആരംഭിച്ച തിയതി | ആകെ നൽകിയ തുക |
|---|---|---|---|
| 1. | സരള രാമകൃഷ്ണൻ, വെള്ളേപറമ്പിൽ, തുണ്ടത്തുംകടവ്, വാർഡ് -11 | 27.11.2023 | 40000/- |
| | | | |

| | | | |
|---|---|---|---|
| 2 | ശ്രീകുട്ടൻ സി.എ, ചുവന്ന്യാര്യൻപാടത്ത്, ശാന്തിനഗർ റോഡ്, വരാപ്പുഴ, | 07.02.2023 | 300000/- |
| 3 | ബി.ജി ശ്രീനിവാസൻ, ഭഗവതിപറമ്പിൽ, വാർഡ് -14 | 07.02.2024 | 3,00,000/- |
| 4 | ഫ്രിനു.പി.ടി, പുതുശ്ശേരി ഹൗസ്, വാർഡ് -13 | 07.02.2024 | 3,60,000/- |
| 5 | ഗീത ജോസഫ്, കല്ലുംപുറത്ത് ഹൗസ് , വാർഡ് -08 | 19.02.2024 | 3,60,000/- |
| 6 | എലിസബത്ത് സീന,കുടപറമ്പിൽ, വാർഡ് -10 | 19.02.2024 | 3,00,000/- |
| 7 | ഗബ്രിയേൽ കെ.എ,കൈമാനാത്ത് ഹൗസ്, തുണ്ടത്തുംകടവ്, വാർഡ് -11 | 04.03.2024 | 3,60,000/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയോ എന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08/08.10.2025) ലഭ്യമാക്കിയ മറുപടിയിൽ മേൽ ഗുണഭോക്താക്കൾക്കളിൽ സരള രാമകൃഷ്ണൻ വീട് പണി പൂർത്തിയാക്കുന്നില്ല എന്നറിയിക്കുകയും തുക തിരികെ അടയ്ക്കാമെന്ന് അറിയിച്ചതായും മറുപടി നൽകി. തുക തിരികെ അടവാക്കി രേഖാമൂലം അറിയിക്കേണ്ടതാണ്. ബാക്കി 6 ഗുണഭോക്താക്കളെ തപാൽ വഴിയും നേരിട്ടും വാർഡ് മെമ്പർ മുഖാന്തിരവും പണി ആരംഭിക്കാൻ നിർദേശം നൽകുകയും പഞ്ചായത്ത് കമ്മറ്റിയ്ക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു. ഭവന നിർമ്മാണം പൂർത്തിയാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-26 ഗവ.ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 94/25 |
| പ്രൊജക്റ്റിന്റെ പേര് | ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ -സംബന്ധിച്ച്- |
| അടങ്കൽ | ₹568285/- (മെയി. ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | ₹568285/- |
| ബിൽനം.&തീയതി | 1)₹268285/-, BRN-301452815/7-3-25<br>2)₹300000/-, BRN-301070347/20-2-24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം ₹568285/- മേൽ ബില്ലുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി "HOMCO" യ്ക്ക് നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല. ഇതിന്റെ വിശദീകരണം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 19/10-10-25) ലഭ്യമാക്കിയ മറുപടിയിൽ HOMCO യിൽ ഹോമിയോപ്പതി വകുപ്പിന്റെ സോഫ്റ്റ് വെയർ AHIMS 0.2 എന്നതിലേക്ക് മാറ്റുന്നതിനാൽ ഉള്ള സാങ്കേതിക തകരാറുകൾ ഉണ്ടായതിനാലാണ് മരുന്നുകൾ ലഭ്യമാകാൻ താമസം വരുന്നത്. എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ ടി പ്രോജക്റ്റിനായി ചെലവഴിച്ച ₹568285/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 92/25 |
| പ്രൊജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | ₹400000/- (വികസന ഫണ്ട്) |
| ചെലവ് | ₹399143/- |
| ബിൽനം.&തീയതി | BRN-301557843/17-03-25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്ടിനായി മേൽ ബിൽ പ്രകാരം വരാപ്പുഴ കെ.എസ്.ഇ.ബി യിൽ ₹399143/- ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/8-10-25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ടി ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 53/25 |
| പ്രൊജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | ₹300000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹300000/- |
| ബിൽനം.&തീയതി | 1)₹66124/-, 449/10-2-25<br>2)₹34775/-, 478/22-2-25<br>3)₹199101/-, 622/26-3-25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി മേൽ ബിൽ പ്രകാരം വരാപ്പുഴ കെ.എസ്.ഇ.ബിയിൽ ₹300000/- ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/8-1-25) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രങ്ങളുടെ അഭാവത്തിൻ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയായ ₹699143/- (399143 + 300000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ

ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ 3 സ്കീമുകളിലായിട്ടാണ് **വരാപ്പുഴ ഗ്രാമപഞ്ചായത്തിന്** ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

**<u>1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.</u>**

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്ററേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. | | **₹3,70,191/-** (2,795 പലിശ ഉൾപ്പടെ) | **₹9,43,680/-** (6,290 പലിശ ഉൾപ്പടെ) | **₹3,94,664/-** (4,534 പലിശ ഉൾപ്പടെ) |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | **₹27,97,392/-** (19,256 പലിശ ഉൾപ്പടെ) | **₹78,933/-** (പലിശ) |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | **₹2,11,694/-** | **₹3,96,316/-** (4,170 പലിശ ഉൾപ്പടെ) | **₹6,24,382/-** *(*2268 പലിശ ഉൾപ്പടെ) |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

<u>2. **നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.**</u>

| ക്രമ. നം. | സ്കീം | 21-22 (₹ | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്ററേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. | - | ₹3,67,397 | ₹9,32,310 | ₹1,690 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |

| | | | | | |
|---|---|---|---|---|---|
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | ₹2,09,902 | ₹3,83,951 (ബാങ്ക് ചാർജ്ജ് ₹11 ഉൾപ്പടെ) | ₹7,060 |

**ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം**

| സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (Ii) പി.എച്ച്.സി. | | | |
|---|---|---|---|
| പ്രോജക്ട് | ചെലവ് | | |
| | 2022-23 | 2023-24 | 2024-25 |
| രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | ₹3,67,397 | ₹9,32,310 | ₹1,690 |
| കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | - | - |
| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | ₹2,09,902 | ₹3,83,951 | ₹7,060 |

**3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.**

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് **വരാപ്പുഴ** ഗ്രാമപഞ്ചായത്തിൽ ദേവസ്വംപാടം പി.എച്ച്.സി സബ്സെന്റർ നിർമ്മിക്കുന്നതിന് ₹27,75,000/- രൂപ പ്രോജക്ടിന് (230/2025) വകയിരുത്തിയെങ്കിലും പ്രോജക്ട് നടപ്പാക്കുകയോ നിർമ്മാണം ആരംഭിക്കുകയോ തുക ചെലവാകുകയോ ചെയ്തിട്ടില്ല.

**4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)**

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (Ii) പി.എച്ച്.സി. (320100202) UBI A/C No.19922010001008 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. (320100203) UBI A/C No.19922010001009 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) UBI A/C No.199220100010010 |
|---|---|---|---|
| മുന്നിരുപ്പ് | ₹14,164 | ₹27,97,392 | ₹14,157 |
| വരവ് (പലിശ ഉൾപ്പെടെ) | ₹3,94,664 | ₹77,933 | ₹6,24,382 |
| ആകെ | ₹4,08,828 | ₹28,75,325 | ₹6,38,539 |
| ചെലവ് (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | ₹1,690 | 0 | ₹7,060 |
| നീക്കിയിരുപ്പ് | ₹4,07,138 | ₹28,75,325 | ₹6,31,479 |

**1-29 ജൽജീവൻ മിഷൻ-അവലോകനം**

കേരളത്തിൽ ജൽജീവൻ മിഷൻ നടപ്പാക്കുന്നതിന് 08.06.2020-ലെ സ.ഉ (കൈ) 37/2020/ ജ.വി.വ നമ്പർ ഉത്തരവ് മുഖേന അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതി നൽകി നിർവ്വഹണ സംവിധാനം അംഗീകരിച്ച് 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകി. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. പഞ്ചായത്തും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നേതൃത്വം വഹിക്കുന്ന ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ മിഷനാണ് പദ്ധതി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കുന്നത്. മിഷന്റെ കർമ്മപദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ സമിതിയാണ് പഞ്ചായത്ത് തല കർമ്മപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ സമിതിക്ക് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് പ്രൊജക്ട് രൂപീകരിച്ച് തുക കൈമാറിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. 05-03-2022 ലെ 1 (6) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ജില്ലാകുടിവെള്ള ശുചിത്വ മിഷൻ മെമ്പർ സെക്രട്ടറി, നിർവ്വഹണ സഹായ ഏജൻസി എന്നിവർ ത്രികക്ഷി കരാറിൽ ഒപ്പു വയ്ക്കുന്നതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 21/10/2021 തിയതിയിലെ PAN/10623/2019-J6(DP) നമ്പർ കത്തും, ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 9/12/2021 തിയതിയിലെ KRWSA-PMU/242/2021-TA(OP) നമ്പർ കത്തും കമ്മിറ്റി വിശദമായി പരിശോധി ത്രികക്ഷി കരാറിൽ ഒപ്പു വയ്ക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ദി അന്ത്യോദയ അങ്കമാലി ആയിരുന്നു നിർവ്വഹണ സഹായ ഏജൻസി.

28-09-2022 ലെ 2(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ജലജീവൻ മിഷൻ ഗുണഭോക്തൃ ലിസ്റ്റ് കമ്മിറ്റി ചർച്ച ചെയ്തു അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. ആകെ എത്ര ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയെന്നും ഇതിൽ പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ നൽകിയെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (23/13-10-2025) നൽകിയെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല.

2020-2021 മുതൽ 2024-2025 വരെ താഴെ ചേർത്ത പ്രകാരം ജൽ ജീവൻ മിഷൻ പദ്ധതിക്ക് തുക വകയിരുത്തിയെങ്കിലും ടി പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| വർഷം | പ്രോജക്ട് നമ്പർ, പ്രോജക്ട് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 2021-2022 | 178/22 - ജൽജീവൻ മിഷൻ വിഹിതം നൽകൽ | തനത് ഫണ്ട് | 3,00,000/- | 0 |
| 2022-2023 | 38/23 - ജൽജീവൻ മിഷൻ വിഹിതം നൽകൽ | തനത് ഫണ്ട് | 3,00,000/- | 0 |
| 2023-2024 | 92/24 - ജൽജീവൻ മിഷൻ വിഹിതം നൽകൽ | തനത് ഫണ്ട് | 3,00,000/- | 0 |
| 2024-2025 | 62/25 - ജൽജീവൻ മിഷൻ വിഹിതം നൽകൽ | തനത് ഫണ്ട് | 3,00,000/- | 0 |

ജൽജീവൻ മിഷൻ പദ്ധതിക്കു വേണ്ടി തുക വകയിരുത്തിയെങ്കിലും തനത്ഫണ്ട് കുറവായതിനാൽ ചെലവാക്കുവാൻ സാധിച്ചില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (23/13-10-2025) മറുപടിയായി പഞ്ചായത്ത് അറിയിച്ചത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് - 16,140/- രൂപ നഷ്ടം

തൻവർഷം രണ്ട് അർദ്ധവർഷങ്ങളിലും ജീവനക്കാരുടെ തൊഴിൽനികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1) താഴെ ചേർത്ത ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരുടെ വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തുക, രസീത് നമ്പർ | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | കുഞ്ഞുമോൻ കെ വി, പ്രൈമറി പാലിയേറ്റീവ് ഡ്രൈവർ, സി.എച്ച്.സി വരാപ്പുഴ | 132000/- | 1000/-, 1240102695/ 07-10-2024 | 1250/- | 250/- |
| 2 | മേഴ്സി , പ്രൈമറി പാലിയേറ്റീവ് നഴ്സ് | 147120/- | 1000/-, 1240102695/ 07-10-2024 | 1250/- | 250/- |
| 3 | ലിനു ക്ലീറ്റസ്, ബ്രാഞ്ച് ഇൻ ചാർജ്ജ്, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 1,06,800/- | 320, 1240102134/ 31-08-2024 | 1000/- | 680/- |
| 4 | പ്രവദ വി പി, ബ്രാഞ്ച് എക്സിക്യൂട്ടീവ്, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 1,06,800/- | 320, 1240102134/ 31-08-2024 | 1000/- | 680/- |
| 5 | ലിയ വിൻസെന്റ്, ബ്രാഞ്ച് എക്സിക്യൂട്ടീവ്, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 1,06,800/- | 320, 1240102134/ 31-08-2024 | 1000/- | 680/- |
| 6 | സച്ചിൻ രാജൻ, ബിസിനസ്സ് അസോസിയേറ്റ്സ്, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 1,06,800/- | 320, 1240102134/ 31-08-2024 | 1000/- | 680/- |
| 7 | അനഘ വി എസ്, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 1,06,800/- | 320, 1240102134/ 31-08-2024 | 1000/- | 680/- |

| | | | | | |
|---|---|---|---|---|---|
| 8 | ലിഖിൽ സതീശൻ, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 1,06,800/- | 320, 1240102134/ 31-08-2024 | 1000/- | 680/- |
| 9 | ആദർശ് കെ എം, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 1,06,800/- | 320, 1240102134/ 31-08-2024 | 1000/- | 680/- |
| 10 | മനീഷ മനോഹരൻ, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 1,06,800/- | 320, 1240102134/ 31-08-2024 | 1000/- | 680/- |
| 11 | ഷീല, സോണിയ ഇൻഡസ്ട്രീസ് | 45,000/- | 300, 1240106518/ 17-02-2025 | 450/- | 150/- |
| 12 | ശിവാനന്ദൻ, സോണിയ ഇൻഡസ്ട്രീസ് | 60,000/- | 450, 1240106518/ 17-02-2025 | 600/- | 150/- |
| ആകെ | | | | | 6,240/- |

2) തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 27-06-2024 ലെ സ.ഉ.(സാധാ)നം.1149/2024/LSGD നമ്പർ ഉത്തരവ് പ്രകാരം 2024 രണ്ടാം അർദ്ധവർഷം മുതൽ തൊഴിൽ നികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം രണ്ടാം അർദ്ധ വർഷം തൊഴിൽനികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരുടെ വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തുക, രസീത് നമ്പർ | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | റിയമോൾ, ഫ്രീമാൻ ഇൻവെസ്റ്റ്മെന്റ്സ് | 72,000/- | 600/, 140106682/ 22-02-2025 | 750/- | 150/- |
| 2 | അമൃത കെ ആർ, ഫ്രീമാൻ ഇൻവെസ്റ്റ്മെന്റ്സ് | 72,000/- | 600/, 140106682/ 22-02-2025 | 750/- | 150/- |
| 3 | ഷിബു, കെ ആർ ബേക്കേഴ്സ് | 45,000/- | 600/-, 1240107565/ 12-03-2025 | 750/- | 150/- |
| 4 | ഇമ്രാൻ, കെ ആർ ബേക്കേഴ്സ് | 45,000/- | 600/-, 1240107565/ 12-03-2025 | 750/- | 150/- |
| 5 | സഹറുൾ, കെ ആർ ബേക്കേഴ്സ് | 45,000/- | 600/-, 1240107565/ 12-03-2025 | 750/- | 150/- |
| 6 | ദിലീപ്, കെ ആർ ബേക്കേഴ്സ് | 45,000/- | 600/-, 1240107565/ 12-03-2025 | 750/- | 150/- |
| 7 | രാംദാസൻ, കെ ആർ ബേക്കേഴ്സ് | 45,000/- | 600/-, 1240107565/ 12-03-2025 | 750/- | 150/- |
| 8 | അബുൾ, കെ ആർ ബേക്കേഴ്സ് | 45,000/- | 600/-, 1240107565/ 12-03-2025 | 750/- | 150/- |
| 9 | ജിതെൻ, കെ ആർ ബേക്കേഴ്സ് | 45,000/- | 600/-, 1240107565/ 12-03-2025 | 750/- | 150/- |

| | | | | | |
|---|---|---|---|---|---|
| 10 | യാസിൻ, കെ ആർ ബേക്കേഴ്സ് | 45,000/- | 600/-, 1240107565/ 12-03-2025 | 750/- | 150/- |
| 11 | ഉഷ, സോണിയ ഇൻഡസ്ട്രീസ് | 44,100/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 12 | ശാന്ത, സോണിയ ഇൻഡസ്ട്രീസ് | 43,700/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 13 | ഷീല, സോണിയ ഇൻഡസ്ട്രീസ് | 42,800/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 14 | പ്രീതി, സോണിയ ഇൻഡസ്ട്രീസ് | 42,000/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 15 | റീജ, സോണിയ ഇൻഡസ്ട്രീസ് | 43,700/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 16 | മിനി, സോണിയ ഇൻഡസ്ട്രീസ് | 44,100/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 17 | മേരി, സോണിയ ഇൻഡസ്ട്രീസ് | 43,500/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 18 | സുനിൽകുമാർ, സോണിയ ഇൻഡസ്ട്രീസ് | 44,100/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 19 | സുനിത ഗോപി, സോണിയ ഇൻഡസ്ട്രീസ് | 42,900/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 20 | പ്രിയ, സോണിയ ഇൻഡസ്ട്രീസ് | 43,600/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 21 | ഷിൽമേരി, സോണിയ ഇൻഡസ്ട്രീസ് | 43,900/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 22 | ആതിര, സോണിയ ഇൻഡസ്ട്രീസ് | 42,800/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 23 | ശിവാനന്ദൻ, സോണിയ ഇൻഡസ്ട്രീസ് | 59,800/- | 300/-, 1240106519/ 17-02-2025 | 750/- | 450/- |
| 24 | അഖിൽ, സോണിയ ഇൻഡസ്ട്രീസ് | 44,100/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 25 | പൌലോസ്, സോണിയ ഇൻഡസ്ട്രീസ് | 43,900/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 26 | കുഞ്ഞേ്മാൾ, സോണിയ ഇൻഡസ്ട്രീസ് | 42,700/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 27 | സോണി, സോണിയ ഇൻഡസ്ട്രീസ് | 43,100/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |

| | | | | | |
|---|---|---|---|---|---|
| 28 | രസിത, സോണിയ ഇൻഡസ്ട്രീസ് | 42,900/- | 300/-, 1240106519/ 17-02-2025 | 600/- | 300/- |
| 29 | ജോയ്, സോണിയ ഇൻഡസ്ട്രീസ് | 45,000/- | 300/-, 1240106519/ 17-02-2025 | 750/- | 450/- |
| 30 | ലിനു ക്ലീറ്റസ്, ബ്രാഞ്ച് ഇൻ ചാർജ്ജ്, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 1,08,000/- | 320, 1240107008/ 28-02-2025 | 1000/- | 680/- |
| 31 | പ്രവദ വി പി, ബ്രാഞ്ച് എക്സിക്യൂട്ടീവ്, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 78,000/- | 320, 1240107008/ 28-02-2025 | 750/- | 430 |
| 32 | ലിയ വിൻസെന്റ്, ബ്രാഞ്ച് എക്സിക്യൂട്ടീവ്, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 78,000/- | 320, 1240107008/ 28-02-2025 | 750/- | 430 |
| 33 | ഉത്തര കെ ആർ, ബിസിനസ്സ് അസോസിയേറ്റ്സ്, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 78,000/- | 320, 1240107008/ 28-02-2025 | 750/- | 430 |
| 34 | മനീഷ , മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 78,000/- | 320, 1240107008/ 28-02-2025 | 750/- | 430 |
| ആകെ | | | | | 9,900 |

മേൽ ചേർത്ത പ്രകാരം രണ്ട് അർദ്ധവർഷങ്ങളിലുമായി തൊഴിൽനികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ ആകെ ₹16,140/- കുറവുണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (11/09-10-2025) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 2-2 തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ചു - 2916/-രൂപ നഷ്ടം

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/23/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വരാപ്പുഴ ഗ്രാമപഞ്ചായത്ത് പുതുക്കിയ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് 30-06-2023 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തൻ വർഷം പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ എന്ന ഉപയോഗക്രമത്തിന് 7.35/ച.മീയും പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ എന്ന ഉപയോഗക്രമത്തിന് 12.6/ച.മീയുമാണ് വസ്തുനികുതി നിരക്കായി നിർണ്ണയിച്ചിരിക്കുന്നത്. ജെയ്ഷു മണവാളൻ ആന്റി ജോസ്, മണവാളൻ ഹൗസ്, വരാപ്പുഴ എന്നയാളുടെ 3/56/A നമ്പർ പാർപ്പിട കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 300 ച.മീ ൽ കൂടുലാണെങ്കിലും (374.41 ച.മീ) തെറ്റായ ഉപയോഗക്രമം നൽകി

7.35/ച.മീ നിരക്കിലാണ് ഇവയുടെ വസ്തുനികുതി 24.05.2024-ൽ നിർണ്ണയിച്ചത്. ആയതിനാൽ വസ്തുനികുതിയിൽ താഴെ ചേർത്ത പ്രകാരം കുറവുണ്ടായിട്ടുണ്ട്.

| നിർണ്ണയിച്ചത് (7.35/ച.മീ) | നിർണ്ണയിക്കേണ്ടത് (12.6/ച.മീ) | കുറവ് |
|---|---|---|
| 374.41 X 7.35 = 2751.9135, 2751.9135 + 412.787025 (തറ നിർമ്മിതി 15% വർദ്ധനവ്) = 3165, 3165 + 159 (5% ലൈബ്രറി സെസ്സ്) = 3324/- | 374.41 X 12.6 = 4717.566 4717.566 + 707.6349 (തറ നിർമ്മിതി 15% വർദ്ധനവ്) = 5426/- , 5426 + 814 (5% ലൈബ്രറി സെസ്സ്) = 6240/- | 2916/- |

അപാകം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/09-10-2025) കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമായി. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 16 | **₹98,500*** | **₹90,500** | **8,000** | - |

* 20 ജീവനക്കാർ X ₹500 X 1 മാസം = ₹10,000/-
19 ജീവനക്കാർ X ₹500 X 1 മാസം = ₹9,500/-
17 ജീവനക്കാർ X ₹500 X 2 മാസം = ₹17,000/-
16 ജീവനക്കാർ X ₹500 X 5 മാസം = ₹40,000/-
15 ജീവനക്കാർ X ₹500 X 2 മാസം = ₹15,000/-
14 ജീവനക്കാർ X ₹500 X 1 മാസം = ₹7,000/-

**2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ | മെഡിസെപ് പ്രീമിയം ഇനത്തിൽ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | ഒടുക്കിയ തുക | | |
| 1 | 2024 ജൂൺ | - | ₹3,500/- | - | - |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2024 ഒക്ടോബർ | - | ₹2,000/- | - | - |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾപരിശോധിച്ച തീയതി |
|---|---|
| 2024-25 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തിയിട്ടുള്ളത് | |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹10,000.00 | വിള പരിപാലന കേന്ദ്രം മുഖേന കീടരോഗ നിയന്ത്രണ ഉപാധികളുടെ വിതരണം (78/25) | ₹10,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹1,36,928.00 | പൊക്കാളി നെൽകൃഷി വികസനം (248/25) | ₹1,36,928.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹2,02,895.00 | പാലിയേറ്റീവ് കെയർ (140/25) | ₹2,02,895.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹63,249.00 | അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി(135/25) | ₹63,249.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹6,00,000.00 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ധനസഹായവും ബത്തയും (114/25) | ₹6,00,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹5,25,566.00 | രണ്ടാം വാർഡിലെ കപ്പേളക്കടവ് റോഡ് പുനരുദ്ധാരണ സംയുക്തം (169/25) | ₹5,25,566.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹6,00,000.00 | എട്ടാം വാർഡിലെ പള്ളിനിലം റോഡ് ടൈൽ വിരിക്കൽ സംയുക്തം (14/25) | ₹6,00,000.00 | ₹0.00 |
| ആകെ | | **₹21,38,638.00** | | **₹21,38,638.00** | **₹0.00** |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹4,000.00 | മില്ലറ്റ് ഗ്രാമം (80/25) | ₹4,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹15,000.00 | വിള പരിപാലന കേന്ദ്രം മുഖേന കീടരോഗ നിയന്ത്രണ ഉപാധികളുടെ വിതരണം (78/25) | ₹15,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,64,959.00 | പൊക്കാളി നെൽകൃഷി വികസനം (248/25) | ₹1,64,959.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,99,500.00 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് | ₹1,99,500.00 | ₹0.00 |

| | | | | | |
|---|---|---|---|---|---|
| | | | ധനസഹായവും ബത്തയും (114/25) | | |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹6,000.00 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം (152/25) | ₹6,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹7,68,134.00 | പ്രിയദർശിനി റോഡ് അറ്റകുറ്റപണികൾ വരാപ്പുഴ ഗ്രാമപഞ്ചായത്ത് – വാർഡ് 5 – സംയുക്തം (177/25) | ₹7,68,134.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,40,000.00 | വിജയഭേരി – ഉന്നത വിദ്യഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (108/25) | ₹1,40,000.00 | ₹0.00 |
| ആകെ | | **₹12,97,593.00** | | **₹12,97,593.00** | |
| മുനിസിപ്പൽ കോർപറേഷൻ | 2024-25 | **₹5,11,980.00** | വരാപ്പുഴ ഗ്രാമപഞ്ചായത്ത് – വീടുകളിൽ ബയോബിൻ വിതരണം (190/25) | **₹5,11,980.00** | ₹0.00 |

വാർഷിക ധനകാര്യ പത്രിക പ്രകാരം മുനിസിപ്പൽ കോർപറേഷൻ വിഹിതം റെവന്യൂ ചെലവ് ₹5,11,980/- യും ക്യാപിറ്റൽ ചെലവ് ₹1,98,613/- യും ചേർത്ത് ആകെ ₹7,10,593/- യാണ്. 320700102 - Contributions For Joint Venture Projects (For Capital Expenditure) – From Municipal Corporations ഹെഡിന്റെ ലെഡ്ജറിൽ 31-03-2025 ൽ NAGARA SANCHAYA E AUTO പദ്ധതിക്ക് കൊച്ചിൻ കോർപറേഷനിൽ നിന്നും ₹1,98,613/- 1240000301/31-03-2025 രസീത് മുഖേന (Directly Credit To Bank – SBI A/C NO – 36890603166) വരവ് ലഭിച്ചതായും 42401640/31-03-2025 വൗച്ചർ മുഖേന NAGARA SANCHAYA E AUTO പദ്ധതിക്ക് ചെലവായതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ടി പദ്ധതിക്ക് വേണ്ടി ചെലവ് ഇല്ല. ₹1,98,613/- ചെലവിന്റെ യാതൊരു രേഖയും പരിശോധനക്ക് ലഭ്യമായില്ല. മേൽ ചെലവിന്റെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. തുക ചെലവായിട്ടില്ലെങ്കിൽ വാർഷിക ധനകാര്യ പത്രികയിൽ ചെലവ് രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ വിവിധ നിർവഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ / ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 24-25 | കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S0053/25) | വൌച്ചർ നമ്പർ 1)22401554/30-03-25=₹1,99,101/- 2)22401429/15-03-25 = ₹34,775/- 3)22401403/15-03-25 = ₹66,124/- | ₹300,000/- | 0 | ₹300,000/- |
| 24-25 | കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S0092/25) | ബിൽ നമ്പർ 346/17-03-25 | ₹3,99,143/- | 0 | ₹3,99,143/- |

കുറിപ്പ്:

*വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S0053/25) പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി.യിൽ ₹300,000/- നിക്ഷേപിച്ചെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ 460500202 - Advance To Implementing Agencies - Deposit With Kerala Electricity Board ഹെഡിൽ ഈ തുക ചേർത്തിട്ടില്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-6 വായ്പ / വായ്പ തിരിച്ചടവ്

| ഹെഡ് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 330500201 KURDFC | ₹20,28,690 | 0 | ₹20,28,690 | ₹16,03,910 | - | ₹4,24,780 |
| 330500202 HUDCO | ₹87,29,444 | ₹75,32,856 | ₹1,62,62,300 | 154 (ബാങ്ക് ചാർജ്ജ്) | - | ₹1,62,62,146 |
| **ആകെ** | **₹1,07,58,134** | **₹75,32,856** | **₹1,82,90,990** | **₹16,04,064** | **-** | **₹1,66,86,926** |

| ജി.ഒ.പ്രോജക്ട് തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| നമ്പർ | പേര് | തുക |
| 266/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) - രണ്ടാം ഗഡു | ₹7,83,175 |
| 268/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) – മൂന്നാം ഗഡു | ₹7,83,442 |
| 269/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) – മൂന്നാം ഗഡു | ₹18,633 |
| 267/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) – രണ്ടാം ഗഡു | ₹18,660 |
| **ആകെ** | | **₹16,03,910** |

## 4-7 സ്ഥിര നിക്ഷേപങ്ങൾ

2024-25 വർഷത്തെ അക്കൗണ്ട്സ് പ്രകാരം സ്ഥിര നിക്ഷേപത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 4,18,26,990 |
| തൻവർഷം നിക്ഷേപിച്ച തുക<br>1) പുതിയ നിക്ഷേപം – 1,70,61,665/- | 1,87,76,532 |

| | |
|---|---|
| 2) പലിശ വരവ് – 17,14,867/- | |
| ആകെ | 6,06,03,522 |
| കിഫ്ബി മുഖേന ലഭിച്ചത് സ്ഥിരനിക്ഷേപം ചെയ്തത് റോഡ് നിർമ്മാണ പദ്ധതികൾക്ക് പിൻവലിച്ചത് (കുറയ്ക്കുക) | 2,33,61,483 |
| വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം. 1103005455 ൽ നേരിട്ട് നിക്ഷേപിച്ച പലിശ തുക (കുറയ്ക്കുക) | 14,13,886 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,58,28,153 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

സ്ഥിര നിക്ഷേപത്തിന്റെ രജിസ്റ്ററും നിക്ഷേപ സർട്ടിഫിക്കറ്റും പരിശോധിച്ച് വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | ബാങ്കിന്റെ പേര്/ സർട്ടിഫിക്കറ്റ് നം./ നിക്ഷേപിച്ച തീയതി | നിക്ഷേപിച്ച തുക | കാലയളവ്/ പലിശനിരക്ക് | നിക്ഷേപം പുതുക്കിയ തീയതി | മച്ചൂരിറ്റി തീയതി |
|---|---|---|---|---|---|
| 1 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 1101058106/25.07.2017 | 15,00,000 | 1 വർഷം/ 8.25% | 25.07.2024 | 25.07.2025 |
| 2 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 1101058121/ 25.07.2017 | 15,00,000 | 1 വർഷം/ 8.25% | 25.07.2024 | 25.07.2025 |
| 3 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 1101057848/10.07.2017 | 15,00,000 | 1 വർഷം/ 8.25% | 10.07.2024 | 10.07.2025 |
| 4 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 1101057847/ 10.07.2017 | 15,00,000 | 1 വർഷം/ 8.25% | 10.07.2024 | 10.07.2025 |
| 5 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 1101068103/ 28.03.2019 | 10,00,000 | 1 വർഷം/ 8.25% | 28.03.2024 | 28.03.2025 |
| 6 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 1101079273/30.9.21 | 10,67,500 | 1 വർഷം/ 8.25% | 30.09.24 | 30.09.25 |
| 7 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 1101079274/30.9.21 | 10,67,500 | 1 വർഷം/ 8.25% | 30.09.24 | 30.09.25 |
| 8 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 1101079275/30.9.21 | 10,67,500 | 1 വർഷം/ 8.25% | 30.09.24 | 30.09.25 |
| 9 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 1101079276/30.9.21 | 10,67,500 | 1 വർഷം/ 8.25% | 30.09.24 | 30.09.25 |

| | | | | | |
|---|---|---|---|---|---|
| 10 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 1101079277/30.9.21 | 10,67,500 | 1 വർഷം/ 8.25% | 30.09.24 | 30.09.25 |
| 11 | ഫെഡറൽ ബാങ്ക് 143698524/29.03.25 | 1,70,61,665 | 8 ദിവസം/ 3% | 29.03.25 | 06.04.25 |
| 12 | എസ്.ബി.ഐ 42402725010/02.11.2023 | 75,00,000 | 400 ദിവസം/ 7.1% | 06.12.24 | 10.01.26 |
| 13 | ഫെഡറൽ ബാങ്ക് 143698524/21.10.2024 | 2,29,63,986 | 6 മാസം/ 7.1% | 07.10.23 | 08.04.24 |
| | ആകെ | ₹5,98,63,151 | | | |

2024-25 വർഷം ക്രമ നം. 1 മുതൽ 10 വരെയുള്ള സ്ഥിര നിക്ഷേപത്തിന്മേലുള്ള പലിശത്തുകയായ ₹14,13,886/- തനത് ഫണ്ട് കൈകാര്യം ചെയ്യുന്ന വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്കിന്റെ സേവിംഗ്സ് അക്കൗണ്ട് നം. 1103005455 ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ക്രമ നം. 6 മുതൽ 10 വരെയുള്ള സ്ഥിര നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ 13.10.2022 ൽ പുതുക്കിയിരിക്കുന്ന തുക ₹10,67,500/- ആണ്. അതായത് 2022-23 വർഷം സ്ഥിര നിക്ഷേപത്തിന്റെ പലിശയിനത്തിൽ ലഭിച്ച ₹3,37,500/- (67500/-X5) അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. ടി അപാകത 2023-24 സാമ്പത്തിക വർഷം തിരുത്താമെന്ന് അറിയിച്ചിരുന്നു. എന്നാൽ 2023-24, 2024-2025 സാമ്പത്തിക വർഷങ്ങളിലും ടി അപാകത പരിഹരിച്ചിട്ടില്ല. അക്കൗണ്ട്സ് പ്രകാരം സ്ഥിര നിക്ഷേപത്തിന്റെ ആകെ തുക ₹5,91,89,636/-ആണ്. എന്നാൽ രജിസ്റ്റർ പ്രകാരവും FD രസീതിന്റെ ഭൗതിക പരിശോധന പ്രകാരവും സ്ഥിര നിക്ഷേപം ₹5,98,63,151/- രൂപയാണ്. ₹6,73,515/- യുടെ വ്യത്യാസത്തിനുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. സ്ഥിര നിക്ഷേപം സംബന്ധിച്ച കണക്കുകൾ കൃത്യവും, സുതാര്യവുമായി സൂക്ഷിക്കേണ്ടതാണ്.

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-2010 & 2010-2011 | 2011-12 | 3.2.6.3 | റോഡ് നിർമ്മാണ-സംരക്ഷണ പ്രവൃത്തികളുടെ ആസൂത്രണവും, നിർവ്വഹണവും | പഞ്ചായത്ത് സമർപ്പിച്ച മറുപടി പരിശോധിച്ച് നിയമസഭാ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| | | 3.2.7 | ആസ്തി രജിസ്റ്ററുകളുടെ പരിപാലനം | |
| | | 3.2.9 | കണക്ടിവിറ്റി പ്ലാൻ | |
| | | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ-സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല | |
| | | 3.2.13 | ഗുണഭോക്തൃസമിതി പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല | |

| | | | | |
|---|---|---|---|---|
| | | 3.2.15 | ഡ്രെയിനേജ് സംവിധാനം അപാകതകൾ | |
| | | 3.2.18 | ടെൻഡർ പ്രവൃത്തികളിലെ ക്രമക്കേട് | |
| 2019-20 | 2020-21 | 1.1.2 | മരണപ്പെട്ട/ അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ക്ഷേമപെൻഷൻ അനുവദിക്കുന്നു | ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കിയതായി മറുപടി നല്കി |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : ₹9,14,69,768.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : ₹7,90,65,503.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : ₹19,056.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 12,67,428.00 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | ₹16,140 | വിനോദ്കുമാർ.ഇ.ജി, സെക്രട്ടറി, വരാപ്പുഴ ഗ്രാമപഞ്ചായത്ത് |
| 2-2 | ₹2916 | സന്ധ്യ സി ആർ, സെക്രട്ടറി ഇൻ ചാർജ്ജ്, വരാപ്പുഴ ഗ്രാമപഞ്ചായത്ത് |
| ആകെ | ₹19,056 | |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 5,68,285 | വിനോദ്കുമാർ.ഇ.ജി, സെക്രട്ടറി, വരാപ്പുഴ ഗ്രാമപഞ്ചായത്ത് |
| 1-27 | 6,99,143 | വിനോദ്കുമാർ.ഇ.ജി, സെക്രട്ടറി, വരാപ്പുഴ ഗ്രാമപഞ്ചായത്ത് |
| ആകെ | 12,67,428 | |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം കേന്ദ്ര സർക്കാർ

### (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

### (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | വിനോദ്കുമാർ.ഇ.ജി, സെക്രട്ടറി, വരാപ്പുഴ ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, വരാപ്പുഴ ഗ്രാമപഞ്ചായത്ത് | ഇളമ്പള്ളിൽ വീട്, ആതിരപ്പിള്ളി റോഡ്, സൌത്ത് ചിറ്റൂർ |
| 2 | സന്ധ്യ സി ആർ, സെക്രട്ടറി ഇൻ ചാർജ്ജ്, വരാപ്പുഴ ഗ്രാമപഞ്ചായത്ത് | അസിസ്റ്റന്റ് സെക്രട്ടറി, വരാപ്പുഴ ഗ്രാമപഞ്ചായത്ത് | ബി-1, അർച്ചനഅപ്പാർട്ട്മെന്റ്സ് കതിക്കടവ്, കലൂർ പി.ഒ എറണാകുളം |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 1639(I)/2022 തീയതി. 08.05.2023 |
| 2007-2008 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(Ii)/2022 തീയതി. 08.05.2023 |
| 2008-2009 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(Iii)/2022 തീയതി. 08.05.2023 |
| 2009-2010 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(Iv)/2022 തീയതി. 08.05.2023 |
| 2010-2011 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(V)/2022 തീയതി. 08.05.2023 |
| 2011-2012 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(Vi)/2022 തീയതി. 08.05.2023 |
| 2012-13 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(Vii)/2022 തീയതി. 08.05.2023 |
| 2013-2014 | കെ.എസ്.എ-ഇ.കെ.എം-അദാലത്ത്- (പി-13) 1639(Viii)/2022 തീയതി. 08.05.2023 |
| 2014-2015 | കെ.എസ്.എ -ഇ.കെ.എം (പി-11) 884/16, തീയതി. 06.06.2016 |
| 2015-2016 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 1639(Ix)/2022 തീയതി. 08.05.2023 |
| 2016-2017 | കെ.എസ്.എ -ഇ.കെ.എം അദാലത്ത്- (പി-13) 1639(X)/2022 തീയതി. 08.05.2023 |
| 2017-2018 | കെ.എസ്.എ -ഇ.കെ.എം അദാലത്ത്-(പി-13) 1639(Xi)/2022 തീയതി. 08.05.2023 |
| 2018-2019 | കെ.എസ്.എ -ഇ.കെ.എം അദാലത്ത്- (പി-13) 1639(Xii)/2022 തീയതി. 08.05.2023 |
| 2019-2020 | കെ.എസ്.എ -ഇ.കെ.എം (പി-13) 730/2021, തീയതി 29.06.2021 |
| 2020-21 | കെ.എസ്.എ -ഇ.കെ.എം(പി-13)524/22, തീയതി 26.07.2022 |
| 2021-22 | കെ.എസ്.എ -ഇ.കെ.എം(പി-13) 97/23, തീയതി 28.3.2023 |
| 2022-23 | കെ.എസ്.എ -ഇ.കെ.എം(പി-13) 1513/23 തീയതി 05.12.2023 |
| 2023-24 | കെ.എസ്.എ -ഇ.കെ.എം(പി3) 1481/24 തീയതി 15.05.2025 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 28-07-2025 and submitted on 28-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Varapuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Varapuzha Grama Panchayat as on 31-03-2025

**Date: 05/12/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Varapuzha Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1. Non inclusion of notes to accounts in financial statements and non-disclosure of material facts.
2. Cash Flow statement Net increase / decrease in cash flow does not match with difference between opening balance and closing balance.

3. Mismatch of Property tax amount in between annual financial statements and Sanchaya

4. The amount paid to KSEB for the Deposit work was not adjusted in the asset head.
5. Central finance commission grant expenditure - There is a difference of Rs. 36,924/- between the Sulekha Expenditure Report and the Annual Financial statements.
6. In the Annual Financial Statement RP-40B Schedule, a balance of Rs. 12,500/- has been recorded in the account STATE BANK OF INDIA (8437). The bank statement of this account was not made available for inspection.
7. Interest received on Fixed Investment is not included in Accounts.
8. As per Annual financial statements the contributions for joint venture projects from municipal corporation capital expenditure is Rs. 198613. The expenditure documents related to this amount were not available for audit.

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്